DESPATCHED
On...13/5/2020
27.2.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001.
Tel: 0471 2335199, Fax: 0471 2330920 Email: sic.ker@nic.in

**ഹർജി നമ്പർ എ.പി. 1143(3)/2012/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

**(ഫയൽ നമ്പർ 7075/എസ്.ഐ.സി.ജി1/2012)**

**സന്നിഹിതൻ**

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

ശ്രീ. പി.എം. രവീന്ദ്രൻ,
2/18 ആതിര, ശിവപുരി,
കൽപ്പാത്തി, പാലക്കാട് – 678 003.
} അപ്പീൽ ഹർജിക്കാരൻ

Vs

1) സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി ഡയറക്ടർ,
ഇൻഫർമേഷൻ ആന്റ് പബ്ലിക്
റിലേഷൻസ് (എഫ്) ഡിപ്പാർട്ട്മെന്റ്,
ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

2) അപ്പീൽ അധികാരി & അഡീഷണൽ ഡയറക്ടർ,
ഇൻഫർമേഷൻ ആന്റ് പബ്ലിക്
റിലേഷൻസ് (എഫ്) ഡിപ്പാർട്ട്മെന്റ്,
ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
} എതിർകക്ഷികൾ

## ഉത്തരവ്

അച്ചടി മാധ്യമങ്ങളിലും ദൃശ്യ മാധ്യമങ്ങളിലും 2011 നു മുമ്പുള്ള വർഷം പരസ്യത്തിനായി ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ രേഖകൾ സഹിതം ആവശ്യപ്പെട്ടുകൊണ്ട് 23/02/2011 ന് സെക്രട്ടറിയേറ്റിലെ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിലെ എസ്.പി.ഐ.ഒ. ക്ക് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെങ്കിലും അപ്പീൽ അധികാരിയിൽ നിന്നും അനുകൂല മറുപടി ഉണ്ടായില്ല എന്ന് ആരോപിച്ചുകൊണ്ടാണ് ഹർജി

ക്കാരനായ ശ്രീ. പി.എം. രവീന്ദ്രൻ 01/07/2011 ന് കമ്മീഷൻ മുമ്പാകെ ഈ അപ്പീൽ ഹർജി സമർപ്പിച്ചിട്ടുള്ളത്.

2. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും അപ്പീൽ അധികാരി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടും അനുബന്ധ രേഖകളും വിശദമായി പരിശോധിക്കുകയുണ്ടായി. അതിൽ നിന്നും മനസ്സിലാകുന്നത് അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ ലഭിക്കുന്നതിനായി 762/-രൂപ ഫീസ് അടക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 23/03/2011 ന് 5826/എഫ്4/11/പി.ആർ. നമ്പർ കത്തുപ്രകാരം അപേക്ഷകന് അറിയിപ്പ് നൽകിയെങ്കിലും 70/-രൂപയുടെ പോസ്റ്റൽ ഓർഡർ മാത്രമാണ് ടിയാൻ അയച്ചുകൊടുത്തത് എന്നാണ്. പോസ്റ്റൽ ഓർഡർ വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് ഈടാക്കുന്നതിനുള്ള അംഗീകൃത മാർഗ്ഗമല്ല എന്നും പണം ട്രഷറിയിൽ അടച്ച് ചെലാൻ ഹാജരാക്കണമെന്ന് എസ്.പി.ഐ.ഒ.യും അപ്പീൽ അധികാരിയും ടിയാനെ അറിയിച്ചുവെങ്കിലും അപ്രകാരം ഫീസ് അടച്ച് രേഖകൾ കൈപ്പറ്റുന്നതിന് പകരം അപ്പീൽ ഹർജിയുമായി കമ്മീഷനെ സമീപിക്കുകയാണ് ഹർജിക്കാരൻ ചെയ്തത്. എസ്.പി.ഐ.ഒ.യുടെയും അപ്പീൽ അധികാരിയുടെയും ഭാഗത്ത് നിന്നും യാതൊരു വീഴ്ചയും ഉണ്ടായതായി കാണുന്നില്ല. അംഗീകൃത മാർഗ്ഗത്തിലൂടെ ഫീസ് അടക്കാത്തതിനാലാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ലഭിക്കാതെ പോയത്. അതിനാൽ ഈ അപ്പീൽ ഹർജിയിൽ അനന്തര നടപടികൾക്ക് പ്രസക്തിയില്ല എന്ന് കണ്ട് തള്ളിക്കളഞ്ഞുകൊണ്ട് ഇന്നേ ദിവസം 2020 ഫെബ്രുവരി മാസം 27- ാം തീയതി തീർപ്പാക്കുന്നു.

ഒപ്പ്
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

ngn



RIGHT TO INFORMATION